പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

13.09.2021

**ഓൺലൈൻ പഠനത്തിനിടെ കുട്ടികളെ_പോലീസ് മർദ്ദിച്ച സംഭവം**

# കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പോലീസിനെതിരെയുള്ള വകുപ്പുതല നടപടി പൂർത്തിയാക്കണം

**– ബാലാവകാശ കമ്മീഷൻ**

ഓൺലൈൻ പഠനത്തിനിടെ പ്രായ പൂർത്തിയാകാത്ത 4 കുട്ടികളെ കാട്ടാക്കട പോലീസ് കേബിൾ വയർ കൊണ്ട് മർദ്ദിച്ചതായും സ്റ്റേഷനിൽ കൊണ്ടുപോയി പീഡിപ്പിച്ചതായുമുള്ള സംഭവത്തിൽ ഹർജിക്കാരുടെ മൊഴി രേഖപ്പെടുത്തി കുറ്റകൃത്യം വെളിവായാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സമയ ബന്ധിതമായി പൂർത്തിയാക്കാനും സംസ്ഥാന ബാലാവകശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. കമ്മീഷൻ ചെയർ പേഴ്സൺ കെ. വി. മനോജ്കുമാർ അംഗം കെ. നസീർ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിന്റെതാണ് ഉത്തരവ്.

സംഭവത്തെ തുടർന്ന് കഴിഞ്ഞ ജൂൺ 7ന് കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 38 പ്രകാരം സംഭവസ്ഥലം സന്ദർശിച്ച് പോലീസ് വാഹനത്തിൽ നിന്നും കുട്ടികളെ മർദ്ദിക്കാൻ ഉപയോഗിച്ചതായി പറയുന്ന കേബിൾ വയർ കണ്ടെടുത്തിരുന്നു.

സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവി കാട്ടാക്കട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരുട റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരെയും  എതിർകക്ഷികളേയും നേരിൽ കേട്ടു. എതിർ വിസ്താരത്തിലും ഹർജിക്കാരുടെ മൊഴി ഖണ്ഡിക്കുന്ന തരത്തിലുള്ള യാതൊന്നും കമ്മീഷന് കണ്ടെത്താനായില്ല. പരാതി നൽകിയിട്ടും പോലീസ് കേസ് രജി സ്റ്റർ ചെയ്ത് അന്വേഷണം നടത്തിയില്ലെന്ന്  ഹർജിക്കാർ കമ്മീഷനെ ബോധിപ്പിച്ചു.

വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും സംഭവവുമായി ബന്ധപ്പെട്ട് സബ് ഇൻസ്പെ ക്ടർമാരായ ടി.അനീഷ്  സുരേഷ്കുമാർ പോലീസുകാരായ അനുരാഗ് ബിനു എന്നി വർക്കെതിരെ ആരംഭിച്ച വകുപ്പുതല നടപടി  സമയ ബന്ധിതമായി പൂർത്തിയാക്കാനു മാണ് കമ്മീഷൻ ഉത്തരവായത്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി 30 ദിവസത്തി നകം അറിയിക്കാനും കമ്മീഷൻ നിർദ്ദേശിച്ചു.

പബ്ളിക് റിലേഷൻസ് ഓഫീസർ